"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് എൻ.ടി.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സ്മിത മേനോൻ പി.ഐ.യുടെ നിയമനവുമായി ബന്ധപ്പെട്ട് ടിയാളുടെ ഭർത്താവ് ശ്രീ. അനിക്കുട്ടൻ.ബി സർക്കാരിൽ സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.1581/2024/GEDN തീയതി, തിരുവനന്തപുരം, 26-02-2024**

പരാമർശം:- 1. പാലക്കാട് എൻ.ടി.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സ്മിത മേനോൻ പി.ഐ.യുടെ ഭർത്താവ് ശ്രീ. അനിക്കുട്ടൻ ബി. സർക്കാരിൽ സമർപ്പിച്ച 30/10/2023 തീയതിയിലെ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/01/2024 തീയതിയിലെ ജി1/21034/2023 ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് എൻ.ടി.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സ്മിത മേനോൻ പി.ഐ.യുടെ നിയമനം നിരസിച്ചതിനെതിരെ ടിയാളുടെ ഭർത്താവ് ശ്രീ. അനിക്കുട്ടൻ ബി. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു.

**2.** പാലക്കാട് എൻ.ടി.യു.പി. സ്കൂളിലെ എൽ.പി.എസ്.ടി.യായ ശ്രീമതി. ബിന്ദു രാഘവന് 01.06.2020-ന് പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി ഉണ്ടായ ഒഴിവിലേക്ക് ശ്രീമതി.സ്മിത മേനോൻ പി.ഐ.യെ എൽ.പി.എസ്.ടി. തസ്തികയിൽ 15.07.2021 മുതൽ മാനേജർ നിയമിച്ചു എന്നും, 30.08.2016 തിയതിയിലെ 145/16/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ ടെറ്റ് യോഗ്യത അധ്യാപക തസ്തികകളുള്ള നിർബന്ധിത യോഗ്യതയാക്കി ഉത്തരവായിട്ടുള്ളതിനാലും നിയമന തീയതിയിൽ കെ ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും ടിയാളുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായി എന്നും, ടി തടസ്സം ഇപ്പോഴും നിലനിൽക്കുന്നതിനാലും പാലക്കാട് എൻടിയുപി സ്കൂളിലെ എൽ.പി.എസ്.ടി.യായ ശ്രീമതി സ്മിത മേനോൻ പി.ഐ.യുടെ 15.07.2021 മുതലുള്ള നിയമനം പരിഗണിക്കാൻ നിർവാഹമില്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, അതിനാൽ മേൽപ്പറഞ്ഞ കെ ടെറ്റ് യോഗ്യത നേടുന്നതിനുള്ള സമയപരിധിൽ ഇളവ് അനുവദിച്ച് സർക്കാർതലത്തിൽ പ്രത്യക ഉത്തരവാകുകയാണെങ്കിൽ മാത്രമേ

നിയമനാംഗീകാരം പരിഗണിക്കുന്നതിന് നിർവാഹമുള്ള എന്നും, പൊതുവിദ്യാഭ്യാസ (ജെ. ആർ) വകുപ്പിന്റെ 7.02.2023 തീയതിയിലെ സ.ഉ. (കൈ ) നം.15/2023/പൊവിവ പ്രകാരം, 01.06.2012 മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് മാത്രമാണ് കെ-ടെറ്റ് നേടുന്നതിനു 2023 ജൂൺ മാസം (പ്രത്യേക പരീക്ഷ നടത്തുന്നത് വരെ) വരെ സർക്കാർ ഇളവ് നൽകിയിട്ടുള്ളത് എന്നും, ശ്രീമതി സ്മിത മേനോൻ പി ഐ യുടെ നിയമനം 15/7/2021 മുതലാണ് അതിനാൽ ടി നിയമനം നിലവിലെ ചട്ടങ്ങളും ഉത്തരവുകളും പ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 7.02.2023 തീയതിയിലെ സ.ഉ.(കൈ) നം.15/2023/പൊവിവ പ്രകാരം, 01.06.2012 മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് മാത്രമാണ് കെ-ടെറ്റ് നേടുന്നതിനു 2023 ജൂൺ മാസം (പ്രത്യേക പരീക്ഷ നടത്തുന്നത് വരെ) വരെ സർക്കാർ ഇളവ് നൽകിയിട്ടുള്ളത് എന്നതിനാലും, ശ്രീമതി സ്മിത മേനോൻ പി.ഐ.യുടെ നിയമനം 15/7/2021 മുതലാണ് എന്നതിനാലും, ടിയാളുടെ നിയമനാംഗീകാരം സംബന്ധിച്ച് ശ്രീ. അനിക്കുട്ടൻ ബി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 ഹർജി പരിഗണനാർഹമല്ലാത്തതിനാൽ ടി ഹർജി നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, എൻ.ടി.യു.പി. സ്കൂൾ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എൻ.ടി.യു.പി. സ്കൂൾ, പാലക്കാട്.
ശ്രീമതി. സ്മിത മേനോൻ പി.ഐ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ.ടി.യു.പി. സ്കൂൾ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 27-02-2024 11:12:19

സെക്ഷൻ ഓഫീസർ